# പതിമൂന്നാം കേരള നിയമസഭ
# ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 145  10.12.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ഡോ. ടി. എം. തോമസ് ഐസക് : | | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ നിന്ന് വെൽസ്പൺ കൺസോർഷ്യത്തെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നടത്തിപ്പുകാരനായി തെരഞ്ഞെടുക്കപ്പെടുന്നതിനായി ബിഡ്സ് സമർപ്പിച്ച ബിഡ്ഡർമാരിൽ സെക്യൂരിറ്റി ക്ലിയറൻസ് ലഭിച്ച മെസ്സേഴ്സ് വെൽസ്പൺ കൺസോർഷ്യം തുറമുഖ നടത്തിപ്പിനായി 16 വർഷത്തേക്ക് 479.54 കോടി ഗ്രാന്റ് ആവശ്യപ്പെടുകയുണ്ടായി. പിന്നീട് സർക്കാർ നിയോഗിച്ച നെഗോസിയേഷൻ കമ്മിറ്റിയുമായുള്ള ചർച്ചയിൽ ഗ്രാന്റ് തുക 479.54 കോടിയിൽ നിന്ന് 399.50 കോടിയായി കുറയ്ക്കുവാൻ വെൽസ്പൺ കൺസോർഷ്യം സമ്മതിച്ചു. വെൽസ്പൺ കൺസോർഷ്യം ആവശ്യപ്പെട്ട ഗ്രാന്റ് തുക സ്വീകാര്യമല്ലെന്ന് കണ്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ടെൻഡർ നടപടികൾ റദ്ദ് ചെയ്യുകയും പാരിസ്ഥിതികാനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് പുതിയ ടെൻഡർ നടപടികളുമായി |

----2

മുന്നോട്ട് പോകാൻ VISL-നോടു നിർദ്ദേശിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| (ബി) | പതിയ ടെൻഡർ വിളിച്ച് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് എത്ര വർഷം സമയമെടുക്കുമെന്നാണ് കരുതുന്നത്: | (ബി) | പാരിസ്ഥിതികാനുമതി ലഭിച്ചു കഴിഞ്ഞാൽ 3 കൊല്ലം കൊണ്ട് തുറമുഖത്തിനു ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കാൻ സാധിക്കും. |
| (സി) | പദ്ധതിയുടെ ടെൻഡർ ഡോക്യുമെന്റ് ഉണ്ടാക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതാരെയാണ്; | (സി) | തുറമുഖ നടത്തിപ്പുകാരനെ കണ്ടെത്താനുള്ള ടെൻഡർ ഡോക്യുമെന്റ്സ് ഉണ്ടാക്കുന്നത് പദ്ധതി ഉപദേശകരായ ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ ആണ്.<br><br>തുറമുഖ പദ്ധതി നിർമ്മാണത്തിനാവശ്യമായ ഇപിസി ടെൻഡർ ഡോക്യുമെന്റേഷൻ ചുമതല AECOM എന്ന അന്താരാഷ്ട്ര കമ്പനിയെയാണ് ഏൽപ്പിച്ചത്. |
| (ഡി) | ഇവർക്ക് ഈ രംഗത്തുള്ള മുൻപരിചയം വ്യക്തമാക്കുമോ; | (ഡി) | തുറമുഖ നടത്തിപ്പുകാരനെ കണ്ടെത്താൻ ടെൻഡർ നടപടികളിൽ ഡോക്യുമെന്റേഷൻ ചുമതല ഏൽപ്പിച്ചിട്ടുള്ള ഐ എഫ് സി ലോകബാങ്കിന്റെ ഭാഗമാണ്. ലോകരാജ്യങ്ങളിൽ തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഐ എഫ് സി ധാരാളം പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്. ലോസ് ഏഞ്ചൽസ് (യു.എസ്.എ) മുഖ്യ ആസ്ഥാനമായി ആഗോള തലത്തിൽ പ്രവർത്തിക്കുന്ന AECOM 100-ഓളം രാജ്യങ്ങളിൽ പ്രവർത്തനപരിചയമുള്ള കമ്പനിയാണ്. ഏഷ്യയിൽ ഹോങ്കോങ്ങ്, ചൈന, തായ്‌ലാന്റ്, സിംഗപ്പൂർ, മലേഷ്യ, ശ്രീലങ്ക, ഇന്ത്യ ഉൾപ്പെടെ |

| | | | |
|---|---|---|---|
| | | | നിരവധി രാജ്യങ്ങളിൽ ഓഫീസുള്ള AECOM-ന് തുറമുഖ നിർമ്മാണ മേഖലയിൽ ഏഷ്യയെ കൂടാതെ ലോസ് ഏഞ്ചൽസ്, ആസ്ട്രേലിയ, ലണ്ടൻ, ഈജിപ്ത് തുടങ്ങി ലോകമെമ്പാടും നിരവധി പദ്ധതികൾ ചെയ്തു മുൻപരിചയമുണ്ട്. ഇവർ ചെയ്തിട്ടുള്ള പ്രോജക്ടുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഇ) | കേന്ദ്ര ഷിപ്പിങ് കോർപ്പറേഷനെ പദ്ധതിയിൽ പങ്കാളിയാക്കാൻ താത്പര്യമുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഇ) | താല്പര്യമുണ്ട്. തുറമുഖ പദ്ധതിയുടെ തുറമുഖ നടത്തിപ്പുകാരനെ കണ്ടെത്താൻ ക്ഷണിച്ച ടെണ്ടറിൽ പങ്കെടുക്കാൻ കേന്ദ്ര ഷിപ്പിംഗ് കോർപ്പറേഷൻ ഇന്ത്യ ലിമിറ്റഡ് താത്പര്യം പ്രകടിപ്പിച്ചിരുന്നുവെങ്കിലും അവരുടെ സാങ്കേതിക പങ്കാളിയായ ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിയുടെപിൻമാറ്റത്തെ തുടർന്ന് ബിഡ്ഡിങ്ങിൽ പങ്കെടുക്കുന്നില്ലെന്ന് അവർ അറിയിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**